# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1462 04.12.2014 ൽ മറുപടിക്ക്**

## മിഷൻ 676- തലശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| എ) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം പ്രവർത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | എ) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയിൽ സ്പീഡ് കേരളയിൽ ഉൾപ്പെടുത്തി തലശ്ശേരി - മാഹി ബൈപ്പാസും, കെ എസ് ടി പി II പദ്ധതിയിൽ ഉൾപ്പെട്ട തലശ്ശേരി- വളവുപാറ റോഡിന്റെ തലശ്ശേരി മണ്ഡലത്തിൽ കൂടി കടന്നു പോകുന്ന തലശ്ശേരി മുതൽ വൈറ്റമേൽ പള്ളി വരെയുള്ള 7.57 കി.മീ ഉൾപ്പെടെയുള്ള റോഡിന്റെയും നിർമ്മാണ പ്രവൃത്തികളുമാണ് തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ളത്. |
| ബി) ഏറ്റെടുത്ത് ഓരോ പ്രവർത്തിക്കുമായി എത്ര തുക നീക്കിവെച്ചെന്നും ഇതിനകം എത്ര തുക ചിലവഴിച്ചെന്നും വിശദമാക്കാമോ ; | ബി) തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മാണത്തിന് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട് എന്നാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 54 കി.മീ ദൈർഘ്യമുള്ള തലശ്ശേരി - വളവുപാറ റോഡ് നിർമ്മാണ പ്രവൃത്തി 234.99 കോടി രൂപയ്ക്കാണ് കരാർ നൽകിയിരിക്കുന്നത്. നിർമ്മാണം പുരോഗമിക്കുന്നു. ഈ പ്രവൃത്തിക്ക് ഇതുവരെ 18.23 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്. |
| സി) ഏറ്റെടുത്ത ഓരോ പ്രവർത്തിയും ഏത് ഘട്ടത്തിലാണ് എന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ ? | സി) തലശ്ശേരി - മാഹി ബൈപ്പാസ് നിർമ്മാണത്തിനായി ദേശീയപാത 17ൽ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കിമീ ഭാഗത്തെ ഭൂമിഏറ്റെടുക്കൽ കേന്ദ്രസഹായത്തോടെപൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണത്തിനായി |

300.63 കോടി രൂപയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത രൂപരേഖ സർക്കാർ പരിശോധിച്ചു വരുന്നു. 28.12.2015ന് ഇതിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സെക്ഷൻ ഓഫീസർ